UNSTARRED QUESTIONS

സംഗീതാദ്ധ്യാപകർ.

൨. [൨] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറിസ്കൂളുകളിൽ എല്ലാംകൂടി ആകെ എത്ര സംഗീതാദ്ധ്യാപകർ ഉണ്ട് ?

(ബി) ആകെ എത്ര അദ്ധ്യാപകരാണ് വേണ്ടത് ;

(സി) നിശ്ചിത സംഗീത പരീക്ഷ പാസായിട്ടുള്ള എത്ര പേർ ഉദ്യോഗാർത്ഥികളായി പബ്ലിക്ക് സർവീസ് കമ്മീഷൻ മുമ്പാകെ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) സംഗീതാദ്ധ്യാപകർ ആവശ്യമുണ്ടെങ്കിൽ ഇവരെ എത്ര കൊണ്ടാണ് നിയമിക്കാത്തത് ;

(ഇ) സംഗീതാദ്ധ്യാപകരുടെ ശമ്പളസ്കെയിൽ എന്താണ് ?

ഉത്തരം.

(എ) ൪൦൦.

(ബി) അനുവദിച്ചിട്ടുള്ള തസ്തികപ്രകാരം ൪൨൦൦ ഇപ്പോഴുള്ള കുട്ടികളുടെ സംഖ്യ അനുസരിച്ച് കൂടുതലായി ൯൭൪൦൦.

(സി) പബ്ലിക്ക് സർവീസുകമ്മീഷൻമുമ്പാകെ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ അഡ്വൈസ് കിട്ടാതെ നിൽപ്പുള്ളവർ ഇപ്പോൾ ഒരാൾ മാത്രം.

(ഡി) മേൽ പറഞ്ഞ ൪൨൦൦-ൽ ൨൦ പേരെ സംബന്ധിച്ച് പബ്ലിക്ക് സർവീസ് കമ്മീഷന്റെ അഡ്വൈസ് പ്രതീക്ഷിച്ചിരിക്കയാണ്.

(ഇ) ൯൦-൨-൫൦-൨-൪൦ രൂപ.

Loan.

2. [3] **Shri T. S. Ramaswamy :** Will the Finance Minister be pleased to state :

(*a*) the date on which the recent 3 crores loan by Government was floated and when the subscription was closed ;

(*b*) the number of persons and firms who subscribed to this loan ;

(*c*) the amount subscribed by means of conversion of other bonds and deposits ;

(*d*) the amount subscribed by ration merchants, Government Contractors etc. ;

LIBRARY ARCHIVES Kerala Legislative Assembly

(*e*) whether deposits with the Government by Contractors, ration merchants, G. P. Proverthicars and other institutions were converted ; and

(*f*) if so the amount thus converted and the number and names of persons and institutions which subscribed thus ?

Answer.

(*a*) Subscription was opened on 15-7-1953 and closed at 2 P. M. on 23-7-1953.

(*b*) The number of individuals who subscribed for the loan is 6797 and the number of firms including Banks Insurance companies etc. is 219.

(*c*) The amount of 3 per cent 1952-54 Travancore loan converted into the loan is Rs. 1,65,65,5000.

(*d*) The applications for the loan received from the subscribers are with the Reserve Bank of India. It is also not possible to find out from such applications who is a ration merchant and who is a contractor. It is therefore not possible to furnish the exact amount subscribed by ration merchants etc.

(*e*) Yes. At the request of the parties concerned. Government allowed the security amounts deposited by them in Savings Bank Accounts to be converted into the new loan.

(*f*) It is not possible to give the exact amount subscribed by conversion of security deposits or the number and names of persons who contributed by convertion, as all the applications received are with the Reserve Bank of India and it is not possible to gather the information from such applications. Government estimate that the amount thus converted will come to roughly Rs. 20 lakhs.

LIBRARY ARCHIVES Kerala Legislative Assembly

വീട്ടെയിൽ റേഷൻ വ്യാപാരികളുടെ ജാമ്യത്തുക.

൩. [൩] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ വീട്ടെയിൽ റേഷൻ വ്യാപാരികളുടെ ജാമ്യത്തുകയിനത്തിൽ ഗവണ്മെന്റിന്റെ കൈവശം ഈ൩ മേയ്മാസത്തിൽ ഉണ്ടായിരുന്ന തുക എത്ര ;

(ബി) മേൽപ്പറഞ്ഞ ജാമ്യത്തുക തിരുവിതാംകൂർ-കൊച്ചി ഡവലപ്പ്മെന്റ് ലോണിനുള്ള കടപ്പത്രമായി മാറാൻ വല്ല നിർബ്ബന്ധവും ചെലുത്തണമെന്ന് ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിരുന്നോ ;